തൊഴിലാളി ക്ഷേമനിധി ബോർഡുകൾ

66 (1029) ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് എക്സൈസും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് തൊഴിൽ വകുപ്പിനുകീഴിൽ എത്ര തൊഴിലാളി ക്ഷേമനിധി ബോർഡുകൾ നിലവിലുണ്ടെന്നും അവ ഏതെല്ലാമെന്നും വ്യക്തമാക്കുമോ ;

(ബി) ഇവ ഓരോന്നിലും സർക്കാർ അടയ്ക്കുന്ന അംശദായം എത്രയാണെന്നും തൊഴിലാളികളുടെ വിഹിതം എത്രയെന്നും വ്യക്തമാക്കുമോ ;

(സി) പുതുതായി ഏതെല്ലാം ക്ഷേമനിധി ബോർഡുകളാണ് രൂപീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ഡി) ഓരോ ക്ഷേമനിധി ബോർഡുകളിലും എത്ര തുക നിക്ഷേപിച്ചുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ തൊഴിൽ വകുപ്പിന്റെ കീഴിൽ ഇപ്പോൾ 15 ക്ഷേമനിധി ബോർഡുകൾ ഉണ്ട്. അവ താഴെ ചേർക്കുന്നു:

1. കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ്
2. കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ്
3. കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ്
4. കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡ്
5. കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ്
6. കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ്
7. കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ്
8. കേരള ഈറ്റ കാട്ടുവള്ളി തഴ തൊഴിലാളി ക്ഷേമനിധി ബോർഡ്
9. കേരള ബീഡി സിഗാർ തൊഴിലാളി ക്ഷേമനിധി ബോർഡ്
10. കേരള ചുമട്ടു തൊഴിലാളി ക്ഷേമനിധി ബോർഡ്
11. കേരള ലേബർ വെൽഫെയർ ഫണ്ട് ബോർഡ്
12. കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്
13. കേരള ഷോപ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് തൊഴിലാളി ക്ഷേമനിധി ബോർഡ്
14. കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ്
15. കേരള ആഭരണത്തൊഴിലാളി ക്ഷേമനിധി ബോർഡ്

LIBRARY ARCHIVES Kerala Legislative Assembly

(ബി) വിവരം ശേഖരിച്ചു വരുന്നു.

(സി) കേരള സംസ്ഥാന സാമൂഹ്യ സുരക്ഷാ ബോർഡ് രൂപീകരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്.

(ഡി) വിവരം ശേഖരിച്ചു വരുന്നു.

ക്ഷേമനിധി പരിരക്ഷ

67 (1030) ശ്രീ. പി. കൃഷ്ണപ്രസാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് എക്സൈസും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വിവിധ മേഖലകളിലുള്ള തൊഴിലാളികളുടെ ലഭ്യമായ എണ്ണം പട്ടിക തിരിച്ച് ലഭ്യമാക്കുമോ ;

(ബി) ക്ഷേമനിധികളുടെ പരിധിയിൽവരുന്ന തൊഴിലാളികളുടെ എണ്ണം ലഭ്യമാക്കുമോ ;

(സി) ക്ഷേമനിധി പരിരക്ഷ ഇല്ലാത്തത് ഏതൊക്കെ തൊഴിലാളി വിഭാഗങ്ങൾക്കാണെന്നും അവരുടെ എണ്ണം എത്ര വരുമെന്നും വ്യക്തമാക്കുമോ ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതുതായി ക്ഷേമനിധിയും പെൻഷനും ഏർപ്പെടുത്തിയ തൊഴിൽ വിഭാഗങ്ങൾ, തൊഴിലാളികളുടെ എണ്ണം എന്നിവ വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചു വരുന്നു.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേരളാ അൺ ഓർഗനൈസ്ഡ് റിട്ടയർഡ് വർക്കേഴ്സ് വെൽഫെയർ ഫണ്ട് സ്കീം നടപ്പിലാക്കിയിട്ടുണ്ട്. ഈ സ്കീം പ്രകാരം കേരള കൈത്തൊഴിലാളി വിദഗ്ദ്ധ തൊഴിലാളി ക്ഷേമപദ്ധതിയിൽ അംഗത്വമെടുത്ത് 10 വർഷം പൂർത്തിയായവർക്ക് പെൻഷൻ നൽകി വരുന്നുണ്ട്. നിലത്തെഴുത്ത് ആശാൻ/ആശാട്ടിമാരെയും ഈ സ്കീമിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 3384 പേർ ഇപ്പോൾ ഈ പെൻഷൻ കൈപ്പറ്റുന്നുണ്ട്. കൂടാതെ പീടിക തൊഴിലാളികൾ, ആട്ടോണ തൊഴിലാളികൾ, ചെറുകിട തോട്ടം തൊഴിലാളികൾ, പാചക തൊഴിലാളികൾ, ഗാർഹിക തൊഴിലാളികൾ, കൂടിയേറ്റ തൊഴിലാളികൾ എന്നിവർക്കും ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ക്ഷേമനിധി പദ്ധതി രൂപീകരിച്ചിട്ടുണ്ട്. ഇവയിലെ തൊഴിലാളികളുടെ എണ്ണം സംബന്ധിച്ച വിവരം ശേഖരിച്ചു വരുന്നു.

പുതുതായി രൂപീകൃതമായ തൊഴിലാളി ക്ഷേമനിധി ബോർഡുകൾ

68 (1031) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് എക്സൈസും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഏതൊക്കെ തൊഴിലാളി ക്ഷേമനിധി ബോർഡുകളാണ് പുതുതായി രൂപീകരിച്ചത് ;

LIBRARY ARCHIVES Kerala Legislative Assembly